'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 769 04.03.2020 ൽ മറുപടിയ്ക്ക്

## വന്യജീവികൾക്ക് കുടിവെള്ളം

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കടുത്ത വരൾച്ച മുൻനിറുത്തി വന്യജീവികൾക്ക് കുടിവെള്ളം ഉറപ്പാക്കാൻ വനംവകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ഗള്ളി പ്ലഗ്ഗിംഗ്, ചെക്ക് ഡാമുകൾ, കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിച്ച് വനപ്രദേശങ്ങളിലെ ജല ലഭ്യത ഉറപ്പ് വരുത്തുകയും വർഷം തോറും ഇവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കടുത്ത വരൾച്ചയിൽ വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപോകുന്നത് തടയുന്നതിനായി നിലവിലുള്ള നീരുറവകളിലെ ചെളി നീക്കം ചെയ്ത് പുനരുദ്ധീകരിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ, പരമാവധി ജലനഷ്ടം കുറയ്ക്കുന്നതിനായി മണ്ണ് സംരക്ഷണ ജോലികൾ നടത്തുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ജലലഭ്യത ഉറപ്പാക്കുന്നതിന് കാട്ടിനുള്ളിൽ കൂടുതൽ തടയണകളും മറ്റും നിർമ്മിച്ചും ജലസ്രോതസ്സുകൾ പരിപോഷിപ്പിച്ചും വന്യജീവികളുടെ കുടിവെള്ളം ഉറപ്പാക്കുന്നതിനു സമഗ്രമായ പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കൂടുതൽ തടയണകളും മറ്റും നിർമ്മിച്ചും, ജലസ്രോതസ്സുകൾ പരിപോഷിപ്പിച്ചും വന്യജീവികളുടെ കുടിവെള്ളം ഉറപ്പാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ണൊലിപ്പ് തടഞ്ഞ് മഴവെള്ളം നിലനിർത്തുന്നതിനായി ഗള്ളി പ്ലഗ്ഗിംഗ് ജോലികളും നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ